പരിശോധന 16.10.2023-ന് 02.57 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 19,931/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിലവിൽ ILGMS സംവിധാനത്തിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്. വൗച്ചറുകൾ ടി സംവിധാനത്തിലൂടെ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. പല വൗച്ചറുകളിലും വൗച്ചറുകൾ ക്യാൻസൽ ചെയ്തു Cancelled And Passed For Rupees സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി കാണുന്നില്ല. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ നികുതിവരവുകളുടെ ഡിസിബി കണക്കാക്കി സൂക്ഷിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല എന്ന് കാണുന്നു. വാർഷികകണക്കുകളുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകളിലെ കണക്കുകൾ കൃത്യമായി തയ്യാറാക്കി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ് .

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.06.2022 – 09.06.2022 | 7/21 – 12/21 | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.12.2013-31.12.2013 | 2008-09 മുതൽ 2012-13 വരെ | LBA(HQ) 2/8എ.2034 /19.തീയതി 29.01.2014 |

### 1-11 അധിക വിഭവ സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഒ(പി)നം.6/2021/ഫിൻ നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. പരിശോധനയുടേയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

16.01.2023 ലെ സ്റ്റാഫ് മീറ്റിംഗിൽ നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്/പിരിവ് പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്.

...ദ്ദശസ്വയംഭരണ വകുപ്പിന്റെ 05.04.2023 ലെ വിജ്ഞാപനത്തിലെ നിർദ്ദേശം അനുസരിച്ച് 30.03.2023 ലെ 3(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം വസ്തുനികുതി പരിഷ്കരിച്ചിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കുന്നത്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 152 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 619 ഓളം വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് പരിശോധന നടത്തേണ്ടതാണ്.

പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ

1) വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം (നികുതിയിളവ് ഇല്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് 10% നികുതി ഇളവ്), തൃതീയം (കെട്ടിടങ്ങൾക്ക് 20% നികുതി ഇളവ്) എന്നീ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച സഞ്ചയ സോഫ്റ്റ്‌വെയർ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ റോഡ് വ്യത്യസ്ത മേഖലയിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്, ഉപയോഗക്രമം | കെട്ടിട നമ്പർ | റോഡ് | വിസ്തീർണ്ണം (ച.മീ.) | മേഖല |
|---|---|---|---|---|
| ഷാജി സി.കെ., ചിരട്ടക്കാട്ട് പാർപ്പിടാവശ്യം | 1/308 എ | 5 മീറ്ററിൽ കൂടുതൽ -ഞീഴൂർ-നിരവം | 41.45 | തൃതീയം |
| ഷിബു, ചിരട്ടക്കാട്ടുവീട്ടിൽ പാർപ്പിടാവശ്യം | 1/310/എ | 5 മീറ്ററിൽ കൂടുതൽ -ഞീഴൂർ-നിരവം | 193.39 | ദ്വിതീയം |
| പോൾ തോമസ്. കഴികൊമ്പിൽ ഓഫീസ് ആവശ്യം | 1/357/ബി | 1.5 മീറ്ററിൽ കൂടുതൽ ശാന്തിപുരം-പെരുമ്പടവം | 15.82 | പ്രഥമം |
| പോൾ തോമസ്. കഴികൊമ്പിൽ | 1/357/സി | 1.5 മീറ്ററിൽ കൂടുതൽ | 27.6 | ദ്വിതീയം |

| | | | | |
|---|---|---|---|---|
| ഇതര വ്യവസായം | | ശാന്തിപുരം-പെരുമ്പടവം | | |
| ജോസ് കരിയാനിമറ്റത്തിൽ പാർപ്പിടാവശ്യം/ | 4/166/എ | 5 മീറ്ററോ അതിൽ കൂടുതലോ-കണക്കഞ്ചേരി-മരങ്ങോലി | 226.33 | പ്രഥമം |
| ശിവദാസൻ നായർ, അമ്പാടി പാർപ്പിടാവശ്യം | 4/132/എ | 5 മീറ്ററോ അതിൽ കൂടുതലോ-കണക്കഞ്ചേരി-മരങ്ങോലി | 121.04 | തൃതീയം |
| അതുൽ എം. മുളകളത്ത് പാർപ്പിടാവശ്യം | 8/160 എ | 5 മീറ്ററോ അതിൽ കൂടുതലോ-അരുണാശ്ശേരി-കറവിലങ്ങാട് | 214.36 | തൃതീയം |
| അജിത്ത് എം.എസ്, മംഗലത്ത് പാർപ്പിടാവശ്യം | 8/142 ഡി | 5 മീറ്ററോ അതിൽ കൂടുതലോ-അരുണാശ്ശേരി-കറവിലങ്ങാട് | 114.5 | പ്രഥമം |
| കെ.ജി.സരസപ്പൻ, കോടിപ്പറമ്പിൽ പാർപ്പിടം | 3/155 സി | 5 മീറ്ററോ അതിൽ കൂടുതലോ-ഇലഞ്ഞി-ഞീഴൂർ | 274.43 | ദ്വിതീയം |
| സാലിൻ പുത്തൻപുരയ്ക്കൽ പാർപ്പിടം | 3/387/എ | 5 മീറ്ററോ അതിൽ കൂടുതലോ-ഇലഞ്ഞി-ഞീഴൂർ | 269.34 | പ്രഥമം |

2) മേൽ ചട്ടങ്ങളിലെ ചട്ടം 7 പട്ടിക 2 പ്രകാരം 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി സൗകര്യത്തിന് വസ്തുനികതിയിൽ ഇളവോ വർദ്ധനവോ ഇല്ലാത്തതും 1.5 മീറ്ററിൽ കറവെങ്കിൽ 10% ഇളവ് നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു. സഞ്ചയ സോഫ്റ്റ്വെയർ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ റോഡ് വ്യത്യസ്ത തരത്തിൽ ഉൾപ്പെടുത്തി വസ്തു നികതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്, ഉപയോഗക്രമം | കെട്ടിട നമ്പർ | കെട്ടിടത്തിൻറെ സമീപമുള്ള റോഡിൻറെ തരം | വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| സജീവ് ജോർജ്ജ്, പള്ളിവാതുക്കൽ | 1/266/സി | 1.5 മീറ്ററിൽ കൂടുതൽ | 187.62 |

| | | | |
|---|---|---|---|
| | | ശാന്തിപുരം-<br>പെരുവ റോഡ് | |
| എം.ഒ.ഫിലിപ്പ്,<br>മോടവൻകാലായിൽ<br>പാർപ്പിടം | 1/360 ബി | 1.5 മീറ്ററിൽ കറവ്<br>ശാന്തിപുരം-<br>പെരുവ റോഡ് | 107.15 |
| എം.ഒ.ഫിലിപ്പ്<br>പാർപ്പിടം | 1/360 സി | 1.5 മീറ്ററിൽ കറവ്<br>ശാന്തിപുരം-<br>പെരുവ റോഡ് | 107.81 |

**3) നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ --** സഞ്ചയയിലെ ഫോം 6 ൽ നികുതി ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി 0 ആക്കി രേഖപ്പെടുത്തൽ നൽകുകയാണ് ചെയ്തിട്ടുള്ളത്. സോഫ്റ്റ്‌വെയർ വഴി മാത്രമേ വിവരശേഖരണം സാധ്യമാകൂ എന്നുള്ളതിനാൽ ഫോം 6 ൽ വിശദാംശം പൂർണ്ണമായി ഉൾപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/21.10.23 ന് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയിച്ചതിൽ മേൽ സൂചിപ്പിയ്ക്കും പ്രകാരം അപാകത ഉണ്ടായിട്ടുണ്ടോ എന്നുള്ളത് സ്ഥലപരിശോധന നടത്തി ഉറപ്പാക്കേണ്ടതും സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-13 ബാങ്ക് അക്കൌണ്ടുകളിൽ അവ്യക്തത--കൃത്യമാക്കേണ്ടതാണ്

2022-23 വർഷത്തെ വാർഷിക ധനകാര്യപത്രിക RP 40(b) പ്രകാരം ഗ്രാമപഞ്ചായത്തിൽ 25 ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്. ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. District Co-operative Bank- (5013120102000l) അക്കൗണ്ടിന്റെ ബാങ്ക് ബാലൻസ് റിക്കൺസിലിയേഷൻ പത്രിക പ്രകാരം 5,69,337/- രൂപയാണ്. ഇതേ ബാങ്കിൽ ഇതേ അക്കൌണ്ട് നമ്പരായി മറ്റൊരു രേഖപ്പെടുത്തൽ കൂടി RP40 (B) യിൽ ഉള്ളതും 10,982/- രൂപ 31.03.2023 ൽ ബാലൻസ് ഉള്ളതായും കാണുന്നു. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, 30.09.2022ൽ 10982/- രൂപ ബാങ്ക് പലിശ യഥാർത്ഥ അക്കൗണ്ടിൽ റസീപ്റ്റ് ചേയ്യേണ്ടതിനു പകരം ഡ്യൂപ്ലിക്കേറ്റ് അക്കൗണ്ടിലാണ് റസീപ്റ്റ് ചെയ്തതെന്നും 12.01.2023 ൽ ശരിയായ അക്കൗണ്ടിൽ ടി തുക റസീപ്റ്റ് ചെയ്തിട്ടുണ്ടെന്നും രേഖകൾ സഹിതം മറുപടി ലഭ്യമാക്കി.
2. District Co-operative Bank 50131200400400 അക്കൗണ്ട് 2 പ്രാവശ്യം RP40 (B)യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡ്യൂപ്ലിക്കേറ്റ് അക്കൗണ്ട് ബാലൻസ് 0 ആണെന്നും യഥാർത്ഥ അക്കൗണ്ടിൽ പാസ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പരിശോധിച്ച് 869/- രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.
3. CANARA-(110043974387) അക്കൗണ്ട് 2 പ്രാവശ്യം RP40 (B) യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡ്യൂപ്ലിക്കേറ്റ് അക്കൗണ്ട് ബാലൻസ് 0 ആണെന്നും യഥാർത്ഥ അക്കൗണ്ടിൽ പാസ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പരിശോധിച്ച് 2180/- രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.
4. State Bank Of Travancore-( 67003316924) അക്കൗണ്ടിൽ 15,871.00 /- രൂപ RP40 (B) പ്രകാരം അവശേഷിയ്ക്കുന്നു.
5. Nationalised Bank Account Of Own Revenue Fund അക്കൗണ്ടിൽ 633,773/- ബാലൻസുണ്ട്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.4, 5 എന്നിവയിലെ ബാങ്ക് അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റേതല്ലെന്നും ILGMS ലുണ്ടായ ERROR ആണെന്നും അറിയിച്ചു.
6. CANARA BANK (6018101001581) അക്കൗണ്ടിൽ 31.03.2021 ന് നൽകിയ 4560/- രൂപയുടെ ചെക്ക്

31.03.2023 വരെ പെയ്മെന്റ് ആകുകയോ STALE CHEQUE ആക്കി മാറ്റുകയോ ചെയ്തിട്ടില്ല.

അവ്യക്തത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/19.10.2023 ന് മറുപടി ലഭ്യമാക്കി. മേൽ പരാമർശങ്ങൾക്ക് ILGMS ൽ കംപ്ലയിന്റ് ബുക്ക് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഡ്യൂപ്ലിക്കേറ്റ് അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രികയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 32099 രൂപ അവശേഷിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ (നമ്പർ 67055159719 എസ്.ബി.ഐ) 32099.96 രൂപ നീക്കയിരിപ്പുണ്ട്. നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (30/25.10.23) മറുപടി ലഭ്യമാക്കിയില്ല. അക്കൗണ്ടിലവശേഷിക്കുന്ന തുകയുടെ വരവുസ്രോതസ്സ് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. സർക്കാരിലേക്കോ ഇതര സ്ഥാപനങ്ങൾക്കോ അടവാക്കേണ്ട തുകയാണെന്ന് ഉറപ്പാക്കുന്നപക്ഷം യഥാനസരണം നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

ബാലൻസ് തുകയുടെ കൃത്യമായ വിശദാംശങ്ങൾ പരിശോധിച്ച് ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല നിലവിൽ ഗുണഭോക്താവിന്റെ/കരാറുകാരന്റെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള ഡി.ബി.റ്റി സൗകര്യം ഉള്ളതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പ്രത്യേക അക്കൗണ്ട് നിലനിർത്തേണ്ട ആവശ്യമില്ലാത്തതിനാൽ അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ പരാമർശിച്ചെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല).

## 1-15 പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 1347904/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശത്തിൽ പ്രോജക്ട്/പ്രവൃത്തിയുടെ ഉദ്ദേശ്യം, പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല. പല നിക്ഷേപങ്ങളും ഒടുക്കിയ അതോറിറ്റിയുടെ വിവരവും ചേർക്കുന്നില്ല. 2022-23 വർഷം തിരികെ നൽകിയ നിക്ഷേപത്തിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നതിനാൽ റോഡ് കട്ടിങ്ങ് ഡെപ്പോസിറ്റായി നിലനിൽക്കുന്ന 23600 രൂപ പഞ്ചായത്തിന്റെ വരുമാനമാക്കി ക്രമീകരിക്കേണ്ടതായിരുന്നോ എന്നതിലും വ്യക്തതയില്ല. വാടക നിക്ഷേപം 132742 രൂപ നിലനിൽക്കുന്നത് ഏത് വർഷത്തെ തുകയാണെന്ന് വ്യക്തതയില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(എ) പ്രകാരം സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റ് കണക്കുകൾ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് തിരിച്ചെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത് പാലിച്ചിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോധ്യമാകുന്നു.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 മുതലുള്ള ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്. ഇതിൽ നിന്നും വാടക ഡെപ്പോസിറ്റ് ഒഴികെയുള്ളതും കാലാവധി കഴിഞ്ഞതുമായ ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാവുന്നതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ച